POWERS OF THE LOCAL FOOD ADVISORY COMMITTEE

254. Choudhury G. S Dhara Singh *(Mattancheri)*: Will Government be pleased to state.—

Do the Government propose to widen the powers of the Local Food Advisory Committees; if so, what are the further powers to be vested in them?

Mr. P. Govinda Menon *(Minister for Food and Education)*:

No.

SCAVANGERS' VAN—LEAKAGE OF

255. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) തോട്ടികൾ ഉപയോഗിക്കുന്ന വാഹനകളിലും പാത്രങ്ങളിലുമുള്ള ദ്വാരങ്ങളിൽക്കൂടി, സമീപസ്ഥലങ്ങളിലേക്കുപോലും ദുർഗ്ഗന്ധം പരക്കുമാറ് അവക്കകത്തുള്ള മലിന പദാർത്ഥങ്ങൾ എറണാകുളത്തുള്ള മിക്ക റോഡുകളിലും വളരെക്കാലമായി നെടുനീളെ ഒലിച്ചു വീണുകൊണ്ടിരിക്കുന്നതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയൊ ഏതെങ്കിലും പെടുത്തുകയൊ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം ഗവൺമെണ്ട് എടുത്ത നടപടികൾ എന്തെല്ലാം?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) തോട്ടികൾ ഉപയോഗിക്കുന്ന ചില വാഹനകളിൽ അവിചാരിതമായി ഉണ്ടായ ദ്വാരങ്ങളിൽക്കൂടി മലിന പദാർത്ഥങ്ങൾ ചില റോഡുകളിൽ വീണതായിട്ട് മുനിസിപ്പാലിറ്റിയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ബി) അതുകൾ അപ്പപ്പോൾതന്നെ ശരിപ്പെടുത്തിയിട്ടുമുണ്ട്.

ADMISSION OF STUDENTS—DETAILS REGAREING

256. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) വിദ്യാലയങ്ങളിൽ പുതുതായി ചേരുവാനുള്ള വിദ്യാർത്ഥികളെ മദ്ധ്യവേനൽ അവധികാലത്തുതന്നെ സ്കൂളുകളിൽ ചേർക്കേണ്ടതാണെന്നു കാണിച്ചു ഗവൺമെണ്ട് ഇക്കൊല്ലം ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ആവശ്യം എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) വിദ്യാലയങ്ങൾ തുറന്ന ഉടനെ തന്നെ ക്രമപ്രകാരം പഠനം തുടങ്ങുവാൻ.

CONDITION OF MATTANCHERI, ROADS AND GUTTERS

257. ചൌധരി ജി. എസ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി പട്ടണത്തിലെ റോഡുകളും തോടുകളും കാനകളും മറ്റും എത്രയും മോശമായ സ്ഥിതിയിൽ കിടക്കുന്നതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കുപ്പലണ്ടിമുക്കിൽനിന്നും മട്ടാഞ്ചേരി ബസാർവരെയുള്ള റോഡു ടാറിട്ടു കാത്തിൽ മുനിസിപ്പാലിറ്റി ഗവൺമെണ്ടിനോടു സഹായധനം ആവശ്യപ്പെട്ടിരുന്നുവോ;

(സി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ :

(എ) അവിടത്തെ റോഡുകളും മറ്റും അത്ര മോശമായ സ്ഥിതിയിലല്ല.

(ബി) മറ്റ റോഡുകളുടെ ക്രട്ടത്തിൽ ചോദ്യത്തിൽ പറയുന്ന റോഡു ടാറിട്ടു കായ്ത്തിൽ വരുന്ന ചിലവിന്റേയും മേലിൽ സംരക്ഷണത്തിനു വേണ്ടിവരുന്ന ചിലവിന്റേയും പകുതി സംഖ്യ മുനിസിപ്പാലിറ്റി ഗവമ്മെണ്ടിനോട്ട സഹായധനമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ടാറിട്ടു പണിക്ക് ആകെ എത്ര ചിലവു വരുമെന്നും ഈ കായ്ത്തിൽ ഗവമ്മെണ്ടു ഭാഗത്തേക്ക് എത്ര സംഖ്യ ചിലവു പെയ്യേണ്ടിവരുമെന്നും അറിഞ്ഞതിനു ശേഷം ടി കായ്യം ആലോചിക്കുന്നതാണെന്നും ആയതിലേക്കായി ടാറിട്ടു പണിക്കുള്ള ചിലവിന്റെ എസ്റ്റിമേറ്റു കഴിയുന്നതും വേഗത്തിൽ ചീഫ് എഞ്ചിനിയർ ഗവമ്മെണ്ടിലേക്കു സമർപ്പിക്കേണ്ടതാണെന്നും കാണിച്ചു ഗവമ്മെണ്ടു് ഉത്തരവയച്ചിട്ടുണ്ട്.

PURCHASE OF BISCUITS FROM INDIA GOVERNMENT

258. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) ഇന്ത്യാഗവമ്മെണ്ടിൽനിന്നു വില്ലുനക്കു വാങ്ങിയ ബിസ്കുറ്റിന്റെ വിലയെത്ര ;

(ബി) ഈ ബിസ്കുറ്റവില്ലനയിൽ എത്ര ഉറുപ്പിക ലാഭം കിട്ടി ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇക്കാര്യം ഇന്ത്യാഗവമ്മെണ്ടുമായി എഴുത്തുകുത്തിൽ ഇരിക്കുകയാണു്.

(ബി) ക്ലിപ്തമായ വിലയെന്തെന്നു് അറിഞ്ഞതിനു ശേഷം മാത്രമേ ലാഭമോ നഷ്ടമോ എത്രയെന്നു തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

SELECTION OF CANDIDATES FOR THE MEDICAL COLLEGES

259. മിസ്റ്റർ കെ. എ. രാഘവൻ :' താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലത്തെ ഇൻറർമീഡിയറ്റ്, ബി. എ. എന്നീ പരീക്ഷാഫലങ്ങൾ എന്നാണു പ്രസിദ്ധീകരിക്കപ്പെട്ടതു് ;

(ബി) എന്നാണു മെഡിക്കൽ കോളേജിലേക്കുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പു നടത്തിയതു് ;

(സി) പരീക്ഷാഫലങ്ങൾ പുറത്തു വരുന്നതിനു മുമ്പു തിരഞ്ഞെടുപ്പു നടത്താൻ ഇത്ര ബദ്ധപ്പാടു കാണിച്ചതു് എന്തുകൊണ്ടു് ;

(ഡി) പരീക്ഷാഫലം പുറത്താകുന്നതിനു മുമ്പു തിരഞ്ഞെടുപ്പു നടത്തപ്പെട്ടതു മൂലം പല വിദ്യാർത്ഥികൾക്കും മെഡിക്കൽ കോളേജ് അഡ്മിഷനു് അപേക്ഷിക്കുവാൻ അവസരം നഷ്ടപ്പെട്ടതായി ഗവമ്മെണ്ടിനു് അറിയാമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇൻറർമീഡിയറ്റ് ന ക— ങ— ര ഒ.

ബി. എ. ന—ന്യ— ര ഒ.

(ബി) ഫ വ്യ— ങ— ര ഒ-ൽ.

(സി) പരീക്ഷാഫലങ്ങൾ പുറത്തു വരുന്നതുവരെ കാത്തിരുന്നാൽ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ കാലതാമസം നേരിട്ടേക്കുമെന്നും തൻമൂലം അതാതുകോളേജുകളിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരെപ്പറ്റി അറിവു കൊടുക്കുവാൻ സമയം മതിയാകുന്നില്ല എന്നും കരുതി നേരത്തെ തിരഞ്ഞെടുപ്പുകൾ നടത്തി; എന്നതന്നെയല്ല, യോഗ്യതയുള്ള ധാരാളം അപേക്ഷകരുടെ അപേക്ഷകൾ ഗവമ്മെണ്ടു മുമ്പാകെ ഉണ്ടായിരുന്നതാണും.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly